നല്ല തരം തെങ്ങിൻ തൈകളും കൊക്കോ, വാഴ, മാവ്, കുരുമുളക്, പച്ചക്കറി വിത്തുകളും കൃഷിക്കാവശ്യമായ രാസവളങ്ങളും കീടനാശിനികളും സൗജന്യമായി നൽകുന്നതിനുള്ള ഒരു പദ്ധതി നടപ്പാക്കി വരുന്നുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം 624 ഹരിജൻ/ഗിരിജൻ കോളനികളിലായി 53589 കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്.

കൊക്കോ കൃഷി

* 83 [91] ശ്രീ. പി. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഹെക്ടർ സ്ഥലത്ത് കൊക്കോ കൃഷി ചെയ്യുന്നുണ്ട്;

(ബി) ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കൊക്കോ സംസ്ക്കരിക്കുന്നതിനും വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും എന്തെങ്കിലും പദ്ധതി ഗവൺമെന്റിന്റെ പക്കലുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഉദ്ദേശം 12,000 ഹെക്ടർ.

(ബി) ഉണ്ട്.

(സി) പൊതുമേഖലയിൽ ഒരു കൊക്കോ സംസ്ക്കരണ യൂണിറ്റ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ആയുർവേദം, ഹോമിയോ ചികിൽസകളുടെ പുരോഗതിക്ക് സ്വീകരിച്ച നടപടികൾ

54 [91] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആയുർവേദം, ഹോമിയോപ്പതി ചികിൽസകളുടെ പുരോഗതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) പുതുതായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്ത് കൂടുതൽ ഹോമിയോപ്പതി ആശുപത്രികളും ഡിസ്പെൻസറികളും തുടങ്ങുകയും കോഴിക്കോട് ആസ്ഥാനമായി ഒരു ഹോമിയോ ഡിഗ്രി കോളേജ് പുരോഗതിയിലെത്തിക്കുന്നതിന് നടപടി എടുക്കുകയും ചെയ്തു (21 ഹോമിയോ ഡിസ്പെൻസറികൾ തുറക്കുകയും പുഷ്പകണ്ടം ഡിസ്പെൻസറി 25 കിടക്കകൾ ഉള്ള ആശുപത്രിയായി ഉയർത്തുകയും ചെയ്തു).

LIBRARY ARCHIVES Kerala Legislative Assembly